പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1221

21.3.2013-ലെ
മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്കരണ മിഷന് ലഭിച്ച തുക**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷന് 2012-13 വർഷത്തിൽ കേന്ദ്ര ഗവൺമെൻറിൽ നിന്നും എത്ര തുകയാണ് ലഭിച്ചത്; സംസ്ഥാന വിഹിതം എത്രയാണ് ചെലവഴിച്ചത്; | (എ) ദേശീയ ഭക്ഷ്യ സംസ്ക്കരണമിഷൻെറ മാർഗ്ഗ നിർദ്ദേശം അനുസരിച്ചുള്ള സാമ്പത്തിക സഹായത്തിൻെറ കേന്ദ്ര വിഹിതം 75%വും സംസ്ഥാന വിഹിതം 25%വുമാണ്. ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം 2012-13 സാമ്പത്തിക വർഷത്തിൽ 623 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായ 4.5 കോടി രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഭക്ഷ്യ സംസ്ക്കരണമിഷൻ 13 പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ഇവയ്ക്കായി 128.25 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പദ്ധതി നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻെറ പരിഗണനയിലാണ്. |
| (ബി) കോന്നിയിൽ പ്രവർത്തിക്കുന്ന ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | ബി) കോന്നിയിലെ ഫുഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഭക്ഷ്യ വകുപ്പിൻെറ കീഴിലാണ് പ്രവർത്തിക്കുന്നത് പ്രസ്തുത സ്ഥാപനത്തിൽ താഴെപറയുന്ന മൂന്ന് വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. |

- ഭക്ഷ്യ ഗുണമേന്മാ പരിശോധന ശാല
- കോളേജ് ഓഫ് ഇൻഡിജീനിയസ്സ് ഫുഡ് ടെക്നോളജി
- ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെൻറർ

പ്രസ്തുത സെൻററിൻെറ കീഴിൽ ഭക്ഷ്യ സംസ്ക്കരണം, മൂല്യ വർദ്ധനവ്, ഭക്ഷ്യ സുരക്ഷാ മാർഗങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. ഗാർഹിക ആവശ്യങ്ങൾക്കും കയറ്റുമതി ചെയ്യുന്ന ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുന്നതിനും ഭക്ഷ്യ സംസ്ക്കരണത്തിലെ ആധുനിക സാങ്കേതിക മാർഗ്ഗങ്ങളുടെ സഹായത്തോടെ ചെറുതും വലുതുമായ ഉദ്യമങ്ങളെ സഹായിക്കുന്നു.

Helen Keerk

സെക്ഷൻ ഓഫീസർ